



## സൺഡേ സ്കൂൾ അദ്ധ്യാപകരും മാതാപിതാക്കളും കുട്ടികളും കാക്കനാട് ഹോം ഓഫ് ഫെയ്ത്തിൽ

















## ഇടവകാംഗങ്ങളുടെ പ്രത്യേക ശ്രദ്ധയ്ക്ക്

- 2009 ലെ വലിയ നോമ്പിലേക്ക് നാം കടന്നിരിക്കയാണല്ലോ. വ്രതശുദ്ധിയുടെയും ഉപവാസത്തിന്റെയും ഈ നാളുകളിൽ ഭക്ഷണക്രമീകരണത്തിലൂടെയും മറ്റും മിച്ചമായിവരുന്ന നമ്മുടെ കുടുംബ ബജറ്റിലെ ഒരു ചെറിയ തുക സമൂഹത്തിലെ ഒരുനേരത്തെ ആഹാരത്തിന് ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്കുവേണ്ടി നീക്കി വയ്ക്കുന്നത് നമ്മുടെ ക്രിസ്തീയ ദൗത്യത്തിന്റെ ഭാഗമാണെന്നു കരുതുന്നു. 2008-ലെ ക്രിസ്തുമസിനോടനുബന്ധിച്ച് കടലോര മേഖലയായ ചെല്ലാനത്ത് ഏകദേശം 150 കുടുംബങ്ങൾക്ക് 5 കിലോ അരി വീതം നൽകുവാൻ നമുക്ക് സാധിച്ചു. ഇക്കൊല്ലവും ഉയർപ്പ് പെരുന്നാളിനോടനുബന്ധിച്ച് ഇത്തരം ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്നു. ഇതിലേക്കുള്ള നിങ്ങളുടെ സംഭാവനകൾ പള്ളി ഓഫീസിൽ ഏൽപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.
- 2008-2009 സാമ്പത്തികവർഷത്തിന്റെ ഈ അവസാന നാളുകളിൽ പള്ളിയിലേക്കുള്ള മാസവരിയും മറ്റ് കുടിശികകളും എത്രയും പെട്ടെന്ന് ഓഫീസിൽ ഏൽപ്പിക്കുവാൻ താൽപര്യപ്പെടുന്നു.
- ഇടവക വികസന പ്രവർത്തനങ്ങളുടെ ഒന്നാംഘട്ടത്തിന്റെ വിജയകരമായ പരിസമാപ്തിയോടനുബന്ധിച്ച് പള്ളിക്ക് വലിയൊരു തുക ബാദ്ധ്യതയായി വന്നിട്ടുണ്ട്. അതിനാൽ വികസന പ്രവർത്തനങ്ങളിലേക്ക് ഓഫറുകളും സംഭാവനകളും ഇനിയും നൽകാത്തവർ എത്രയുംവേഗം ഓഫീസിൽ അത് ഏൽപ്പിക്കണമെന്ന് അപേക്ഷിക്കുന്നു.
- പള്ളിയിലേക്ക് നിങ്ങൾ നൽകുന്ന എല്ലാത്തരം സംഭാവനകളും തുകയും നിർബന്ധമായും പള്ളി ഓഫീസിൽ ഏൽപ്പിച്ച് രസീത് വാങ്ങണമെന്ന് അഭ്യർത്ഥിക്കുന്നു.

### ചിന്താശകലം

"ക്രിസ്തു ഒരിക്കലും പരിശോധനകളിൽ നിന്ന് നമ്മെ ഒഴിവാക്കുന്നില്ല. എന്നാൽ അവയിൽക്കൂടി കടന്നുപോകുന്നതിന് അവൻ നമ്മെ സഹായിക്കുകതന്നെ ചെയ്യും"

***" He lives, he lives, Christ Jesus lives today.***
***He walks with me and talks with me***
***Along lives narrow way"***

## ഹോം ഓഫ് ഫേത്ത് സന്ദർശിച്ചു

മാർച്ച് ഒന്നാം തീയതി ഞായറാഴ്ച സൺഡേ സ്കൂൾ കുട്ടികളും, അദ്ധ്യാപകരും മാതാപിതാക്കളും വികലാംഗ കുട്ടികളുടെ കാക്കനാട്ടുള്ള ഹോം ഓഫ് ഫേത്ത് സന്ദർശിച്ചു. എല്ലാവരും ഒരുമിച്ച് ഉച്ചഭക്ഷണം കഴിഞ്ഞ് കുട്ടികളുടെ കലാപരിപാടികളും ഉണ്ടായിരുന്നു. 62 കുട്ടികളുള്ള ഹോം ഓഫ് ഫേത്ത് സന്ദർശനം, നമ്മുടെ അമ്പതോളം വരുന്ന ഇടവകാംഗ ങ്ങൾക്ക് ഒരു പുതിയ അനുഭവമായിരുന്നു.

## ഇടവകദിനവും, ആദ്ധ്യാത്മിക സംഘടനകളുടെ വാർഷികവും

ഫെബ്രുവരി 22-ാം തീയതി ഇടവകദിനവും, സൺഡേസ്കൂൾ, മർത്തമറിയസമാജം, MGOCSM എന്നീ ആദ്ധ്യാത്മിക സംഘടനകളുടെ വാർഷികവും പൂർവ്വാധികം ഭംഗിയായി ആഘോഷിച്ചു. അതോടനുബന്ധിച്ച്, നമ്മുടെ കത്തീഡ്രലിൽ സേവനമുഷ്ടിച്ച് പുതിയതായി മെത്രാൻ പട്ടം ലഭിച്ച യൂഹാനോൻ മാർ പോളികാർപ്പസ് മെത്രാപ്പോലീത്തയ്ക്കും നമ്മുടെ ഇടവകാംഗമായ പുതിയ ഹൈക്കോർട്ട് ജഡ്ജി സുരേന്ദ്രമോഹനും സ്വീകരണം നൽകുകയും ചെയ്തു. ബഹു. സേവേറിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷനായിരുന്ന ഇടവകദിനത്തോടനുബന്ധിച്ച് ആദ്ധ്യാത്മിക സംഘടനകളുടെ വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു. പരിപാടികൾ നിയന്ത്രിച്ചിരുന്ന MGOCSM അംഗങ്ങളോടുള്ള ഇടവകയുടെ കടപ്പാട് അറിയിക്കുന്നു.

### വിശേഷദിവസങ്ങൾ

**മാർച്ച്**

15 ഞായർ : ക്നാനൊയിത്തോ - ക്നാനായക്കാരിയുടെ മകളെ സൗഖ്യമാക്കിയ ഞായറാഴ്ച
17 ചൊവ്വ : പൗലോസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ ഓർമ്മ (സിയോൻ സെമിനാരി, കൊരട്ടി)
18 ബുധൻ : പാതിനോമ്പ്
22 ഞായർ : കിപിപ്ത്തോ - കൂനിയെ സൗഖ്യമാക്കിയ ഞായറാഴ്ച
25 ബുധൻ : വചനിപ്പു പെരുന്നാൾ
29 ഞായർ : സമിയോ - പിറവിക്കുരുടന് സൗഖ്യമാക്കിയ ഞായറാഴ്ച. കാതോലിക്കാദിനം

**ഏപ്രിൽ**

3 വെള്ളി : 40-ാം വെള്ളിയാഴ്ച
4 ശനി : ലോവോസോറിന്റെ ശനിയാഴ്ച

### മാമോദീസ

1. വെണ്ണല വലിയപറമ്പിൽ ശ്രീ. തോമസ് വിക്ടറിന്റെയും ശ്രീമതി ബിസ്മിയുടെയും മകൾ **മേരിയുടെ** മാമോദീസ 15-2-2009-ൽ കത്തീഡ്രലിൽ നടന്നു.
2. എറണാകുളം മാളിയേക്കൽ ശ്രീ പ്രമോദിന്റെയും ശ്രീമതി ജിബിയുടെയും മകൾ **ജോവന്റെ** മാമോദീസാ 15-2-2009-ൽ കത്തീഡ്രലിൽ നടന്നു.

*ഈ പൈതങ്ങൾ ദൈവകൃപയിൽ വളരട്ടെ!*

*Sponsored by:*

***P.O. Abraham & Co.***
Ernakulam, Cochin-682011

Editorial Board: P.T. John(98951 43625), K.K. George (94470 40484),
Mammen Abraham (94473 68886) & Suma Mathew (98460 25711) Design: Cornet, Cochin
**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490, 2365827**
***Website: www.stmarysorthodoxcathedralekm.org Email: georgekaithayil@yahoo.com***

***For Private Circulation only***





**PARISH News**

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 3 ● ISSUE : 3 MARCH 2009

### എഡിറ്റോറിയൽ

## ദൈവത്തെ സ്നേഹിക്കുന്നവർക്ക്

എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക് ......സകലവും നന്മയ്ക്കായിക്കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു (റോമ 8 28)

ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് അന്തിമമായി വിജയം മാത്രമേ നൽകുകയുള്ളൂ. ഒരു ചൈനീസ് കർഷകന്റെ കഥ കേട്ടിട്ടുണ്ട്. ദൈവവിശ്വാസിയായ കർഷകന് ഒരു മകനും, ഒരു കുതിരയും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഒരുദിവസം കുതിര കെട്ടുപൊട്ടിച്ച് കുതിരാലയത്തിൽനിന്നു രക്ഷപെട്ട് കാട്ടിലേക്ക് ഓടിപ്പോയി. അയൽക്കാർ പറഞ്ഞു എന്തു നിർഭാഗ്യം എന്ന്. വൈകുന്നേരമായപ്പോഴേക്കും കുതിര വേറെ കുറെ കാട്ടുകുതിരകളെയും കൂട്ടി തിരിച്ചുവന്നു. അവർ കുതിരകളെയെല്ലാം ലായത്തിൽ ബന്ധിച്ചു. അയൽക്കാർ ഇതറിഞ്ഞയുടനെ കർഷകനോടു പറഞ്ഞു. നിങ്ങൾ എന്തു ഭാഗ്യവാനാണ്. ബുദ്ധിമാനായ കർഷകൻ അഹങ്കരിക്കാതെ അവരോടു ചോദിച്ചത് ഭാഗ്യമെന്ന് നിങ്ങൾ എങ്ങനെയാണ് പറയുന്നത് എന്നാണ്. കുറച്ചുദിവസങ്ങൾ കഴിഞ്ഞപ്പോൾ കർഷകന്റെ മകൻ കുതിരകളെ മെരുക്കുവാൻ നോക്കവേ കുതിരപ്പുറത്തുനിന്നു താഴെപ്പോയി കാലൊടിഞ്ഞു. അയൽക്കാർ ഉടൻതന്നെ കർഷകനോട് ഇതെന്തു നിർഭാഗ്യം എന്നു പറഞ്ഞു. കർഷകൻ ഇതുകൊണ്ടൊന്നും കുലുങ്ങിയില്ല. കുറച്ചുദിവസങ്ങൾകൂടി കഴിഞ്ഞപ്പോൾ നാട്ടിലെ രാജാവിനെതിരായി അയൽരാജാവ് യുദ്ധം പ്രഖ്യാപിക്കുകയും ആരോഗ്യമുള്ള എല്ലാ ചെറുപ്പക്കാരെയും യുദ്ധത്തിനു നിർബന്ധപൂർവ്വം കൊണ്ടുപോവുകയും അവരെല്ലാം യുദ്ധത്തിൽ മരിക്കുകയും ചെയ്തു. കർഷകന്റെ മകൻ കാലൊടിഞ്ഞിരിക്കുന്നതുകൊണ്ട് യുദ്ധത്തിൽ പോകാതെ വീട്ടിൽ പാർത്തു. അയാൾ രക്ഷപെട്ടത് കുതിരപ്പുറത്തുനിന്നു വീണതുകൊണ്ടു മാത്രമായിരുന്നു. ജനങ്ങൾ വിധിക്കുന്നതും ദൈവം കരുതുന്നതും തമ്മിലുള്ള അന്തരമാണ് നാമിവിടെ കാണുന്നത്. ദൈവം സ്നേഹിക്കുന്നവരെ രക്ഷിക്കാൻ ദൈവത്തിനു പല പ്ലാനും പദ്ധതികളുമുണ്ട്. ചെറിയകാര്യങ്ങൾ കണ്ട് വിധിയെഴുതുന്ന മനുഷ്യന് വലിയകാര്യങ്ങളെക്കുറിച്ച് ചിന്തിക്കുവാൻ പോലും കഴിയുകയില്ല.

വിവാഹവും കുടുംബജീവിതവും വേണ്ടെന്നുവെച്ച് മ്ലേച്ഛനായി ജീവിച്ച ഒരു യുവാവ് ഒരിക്കൽ ഒരപകടത്തിൽപ്പെട്ട് മിഷൻ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടു. ക്രിസ്തീയ ജീവിതം നയിക്കുന്ന ഒരു നഴ്സിന്റെ പരിചരണത്തിൽ അയാൾ രക്ഷപ്പെടുകയും ക്രിസ്ത്യാനിയായി ജീവിക്കാൻ നിശ്ചയിക്കുകയും ചെയ്തു. അതുമൂലം അയാൾക്ക് കുടുംബജീവിതത്തിൽ വിശ്വാസം വരികയും ആ നേഴ്സിനെ വിവാഹം കഴിക്കുകയും ചെയ്തു. അങ്ങനെ അയാൾക്കു സംഭവിച്ച ആപത്ത് മാനസാന്തരത്തിനും നല്ലൊരു ജീവിതത്തിനും കാരണമായി. ദൈവവിശ്വാസികൾക്ക് ആപത്തുവന്നാലും ഭയപ്പെടേണ്ടതില്ല. ദൈവത്തിന്റെ പദ്ധതികൾ മനുഷ്യർക്കറിയില്ലല്ലോ.

## മാത്യൂസ് മാർ എപ്പിഫാനിയോസ് കാലം ചെയ്തു



മലങ്കര ഓർത്തഡോക്സ് സഭ കൊല്ലം ഭദ്രാസനാധിപൻ മാത്യൂസ് മാർ എപ്പിഫാനിയോസ് കാലം ചെയ്തു. ഫെബ്രുവരി 10-ാം തീയതി രാവിലെ 11.15ന് കൊല്ലം ബെൻസിഗർ ആശുപത്രിയിൽ ആയിരുന്നു അന്ത്യം. കൊല്ലത്തെ സെന്റ് തോമസ് കത്തീഡ്രലിൽ പരി. ബസേലിയോസ് മാർത്തോമാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ കബറടക്കം നടത്തി. നിയുക്ത ബാവാ പൗലോസ് മാർ മിലിത്തിയോസും മറ്റു മെത്രാപ്പോലിത്തമാരും സഹകാർമ്മികരായിരുന്നു. നാഗരികാണിക്കലിനും വിലാപയാത്രയ്ക്കും ശേഷമായിരുന്നു കബറടക്കശുശ്രൂഷ തുടങ്ങിയത്. ഏറ്റവും പിന്നിൽ ഭൗതികശരീരം വഹിച്ച വാഹനത്തിലുണ്ടായിരുന്ന യൂഹാനോൻ മാർ ക്രിസോസ്റ്റോമസ്, സഖറിയാസ് മാർ തെയോഫിലോസ് എന്നിവർ ജനങ്ങളെ ആശിർവദിച്ചിരുന്നു. ശുശ്രൂഷയിൽ മറ്റു മെത്രാന്മാരോടൊപ്പം ഏഴു നിയുക്ത മെത്രാന്മാരും സംബന്ധിച്ചിരുന്നു.

1928 നവംബർ 25ന് കൊല്ലം ചെങ്കുളം കുട്ടറഴികത്തു വീട്ടിൽ കുരികേശുവിന്റെയും ശോശാമ്മയുടെയും മകനായി ജനിച്ചു. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്ന് ഊർജ്ജ തന്ത്രത്തിൽ ബിരുദവും, മാന്നാനം സെന്റ് ജോസഫ് ട്രെയ്നിങ് കോളേജിൽ നിന്ന് ബി.എഡും കഴിഞ്ഞ് ബാംഗ്ലൂർ റീജണൽ ഇംഗ്ലീഷ് ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശീലനം നേടി. സ്കൂൾ അദ്ധ്യാപകനായായിരുന്നു ഔദ്യോഗിക ജീവിതത്തിനു തുടക്കം. ചെങ്കുളം യു.പി. സ്കൂളിൽ പ്രധാന അദ്ധ്യാപകനായിരിക്കെയാണ് വൈദികവൃത്തി തെരഞ്ഞെടുത്തത്.

മലങ്കര സഭ മാനേജിങ് കമ്മറ്റി അംഗം, കൊല്ലം ഭദ്രാസന സെക്രട്ടറി എന്നീ നിലകളിൽ സ്തുത്യർഹമായി സേവനം അനുഷ്ടിച്ചിട്ടുണ്ട്. മലങ്കര സഭാമക്കളുള്ള മിക്ക വിദേശരാജ്യങ്ങളും സന്ദർശിച്ചിട്ടുണ്ട്.

1957 ൽ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്തയിൽ നിന്ന് വൈദികപട്ടം സ്വീകരിച്ചു. 1978 ൽ പരി. ബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവയിൽ നിന്ന് പൂർണ്ണ സന്ന്യാസം സ്വീകരിച്ചു. 1982 ൽ മേൽപ്പട്ട സ്ഥാനത്തേക്കു തിരഞ്ഞെടുക്കപ്പെട്ടു. 1984 ൽ റമ്പാൻ പട്ടം സ്വീകരിച്ചു. 1985 മെയ് 15 ന് മാവേലിക്കര പുതിയകാവ് പള്ളിയിൽവെച്ച് മേൽപ്പട്ടക്കാരനായി അഭിഷേകം ചെയ്ത് കൊല്ലം ഭദ്രാസനത്തിന്റെ സഹായ മെത്രാനായി. 1991 ഒക്ടോബറിൽ ഭദ്രാസന മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടു.

*മെത്രാപ്പോലീത്തായുടെ ദേഹവിയോഗത്തിൽ സെ. മേരീസ് കത്തീഡ്രൽ ഇടവകാംഗങ്ങളുടെ ആദരാഞ്ജലികൾ*

## വികാരിയുടെ കത്ത്

# ചെയ്യേണ്ടത് ചെയ്യാതിരിക്കുന്നത് പാപം

ദൈവതിരുനാമത്തിനു മഹത്വം. പ്രിയ ബുള്ളറ്റിൻ സുഹൃത്തുക്കളേ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നിസ്തുലനാമത്തിൽ സ്നേഹവന്ദനം.

നന്മ ചെയ്യാനറിഞ്ഞിട്ടും അതു ചെയ്യാതിരിക്കുന്നത് അവന് പാപം എന്ന് യാക്കോബ് ശ്ലീഹ തന്റെ ലേഖനത്തിൽ നമ്മേ ഓർമ്മിപ്പിക്കുന്നു. (യാക്കോ 4:17)

ചെയ്യരുതാത്തത് ചെയ്യുന്നത് പാപം എന്നു നമുക്കറിയാം. എന്നാൽ ചെയ്യേണ്ടത് ചെയ്യാതിരിക്കുന്നതാണ് കൂടുതൽ പാപം എന്നതിന് ഒരു സംഭവം പറയാം. ട്രെയിൻ പോകുമ്പോൾ നാം പലസ്ഥലങ്ങളിലും ലെവൽ ക്രോസുകൾ കാണാറുണ്ട്. ഗേറ്റ്മാൻ ട്രെയിൻ വരുന്നതിനു മുമ്പ് ഗേറ്റ് ലോക്കുചെയ്യും. ട്രയിൻ പോയതിനുശേഷം ഗേറ്റുതുറന്ന് മറ്റു വാഹനങ്ങൾ കടന്നുപോകാൻ അനുവദിക്കുന്നത് നാം പലപ്പോഴും കണ്ടിട്ടുണ്ട്. എന്നാൽ ട്രെയിൻ വരാറായി എന്ന അറിയിപ്പു കിട്ടിയിട്ടും കാവൽക്കാരൻ ഗേറ്റ് അടക്കാതിരിക്കുന്നതും, അതുവഴിവന്ന സ്കൂൾവാൻ, ട്രെയിൻ ഇടിച്ചു തെറിക്കുന്നതും, സ്കൂൾ കുട്ടികൾ മരിക്കുന്നതും സങ്കൽപ്പിച്ചുനോക്കുക. ഗേറ്റ്മാൻ ചെയ്യേണ്ടത് ചെയ്യാതിരുന്നാൽ സംഭവിക്കാവുന്ന ഒരു മഹാദുരന്തമാണിത്. അതുപോലെ പാപികളുടെ രക്ഷകൻ യേശു മാത്രമാണ് എന്ന് നാം പറയാതിരിക്കുന്നു എങ്കിൽ അതു പാപമാണ്. ചെയ്യേണ്ടത് ചെയ്യാതിരിക്കുന്നത് പാപം.

ഒരിക്കൽ ഒരാട്ടിടയൻ തന്റെ ആടുകളെ മേയ്ച്ച് ഒരു റെയിൽവേട്രാക്ക് കടന്ന് തന്റെ വീട്ടിലേക്കു മടങ്ങിപ്പോകുമ്പോൾ പാളത്തിൽ ഒരുവിള്ളൽ കണ്ടു. അതേസമയം ദൂരെ നിന്ന് ഒരു ട്രെയിൻ വരുന്നത് അവൻ കാണുകയും ചെയ്തു. അവൻ പെട്ടെന്ന് തന്റെ കൈയ്യിൽ ഒരു മുറിവുണ്ടാക്കി തന്റെ തൂവാലയിൽ രക്തം മുക്കി ട്രെയിൻവരുന്ന ഭാഗത്തേക്ക് ഓടി രക്തംപുരണ്ട ചുവന്ന തൂവാല വീശിക്കാണിച്ചു. ട്രെയിൻ ഡ്രൈവർ ഇതു കണ്ട് ട്രെയിൻ നിർത്തുകയും ആ വലിയ അപകടത്തിൽ നിന്ന് ട്രെയിനിലുള്ള ആളുകൾ രക്ഷപ്പെടുകയും ചെയ്തു. പക്ഷേ, അപ്പോഴേക്കും ആട്ടിടയൻ രക്തം വാർന്നു മരിച്ചിരുന്നു. പ്രിയരേ, ആട്ടിടയൻ സ്വന്തജീവൻകൊടുത്തും ചെയ്യേണ്ടതു ചെയ്തു.

യേശുക്രിസ്തു തന്റെ സ്വർഗ്ഗാരോഹണ സമയത്തു പറഞ്ഞു. നിങ്ങൾ ഭൂലോകത്തൊക്കെയും പോയി എന്റെ സാക്ഷികളാകണം എന്ന്. ഇതൊരു ആഹ്വാനമല്ല, കല്പനയാണ്. നാം ആ കല്പന പാലിക്കുന്നുണ്ടോ. ചെയ്യേണ്ടതു ചെയ്യുന്നുണ്ടോ. മറ്റുപലതിനും നമുക്കു സമയമുണ്ട്. എന്നാൽ യേശുവിന്റെ വാക്കനുസരിക്കാൻ സമയമുണ്ടോ. നാം വിലകൊടുക്കാൻ തയ്യാറാണോ. പ്രിയ വായനക്കാരാ ഇതു വായിക്കുമ്പോൾ നിനക്കെന്തു തോന്നുന്നു.

**1) ഫറവോ:** പുറപ്പാടു പുസ്തകം 9:27 ഫറവോ രാജാവ് മോശയോടു പറഞ്ഞു. ഞങ്ങൾ പാപികൾ, ഞങ്ങൾ ദുഷ്ടന്മാർ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണം. ഈ ബാധ ഞങ്ങളിൽ നിന്ന് ഒഴിഞ്ഞുപോകണം. ദൈവപുരുഷനായ മോശ പ്രാർത്ഥിക്കുകയും ബാധ മാറ്റുകയും ചെയ്തപ്പോൾ ഫറവോയുടെ ഹൃദയം കഠിനപ്പെട്ടു എന്നതുപോലെ തങ്ങൾക്കു രോഗം വരുമ്പോൾ, കടഭാരം വരുമ്പോൾ, ജീവിതത്തിന്റെ ഗതിമുട്ടുമ്പോൾ ദൈവത്തോടു പ്രാർത്ഥിക്കുകയും, പാപം ചെയ്തുപോയി എന്നു സമ്മതിക്കുകയും ചെയ്യുന്ന അനേകമാളുകളുണ്ട്. എന്നാൽ കർത്താവ് അവരെ അനുഗ്രഹിച്ചുകഴിയുമ്പോൾ അവർ ദൈവത്തെമറന്നു ജീവിക്കുവാൻ തുടങ്ങും. ഇങ്ങനെയുള്ളവരുടെ മാനസാന്തരം ഫറവോയുടെ മാനസാന്തരമാണ്. ആഴമുള്ളതല്ല.

**2) ബിലയാം:** എന്നാൽ മറ്റൊരു കൂട്ടരുണ്ട്. സംഖ്യാപുസ്തകം 22 :18 കാണുന്നതുപോലെ. ഒരു ബലയാം. അയാൾ ഫറവോയെപ്പോലെയല്ല. ദൈവേഷ്ടം അറിയുന്ന ഇസ്രായേലിന്റെ പ്രവാചകൻ. ബാലാക്കിന്റെ പ്രഭുക്കൻമാർ കൊണ്ടുവന്ന പണം കൊണ്ട് ദൈവത്തിന്റെ വാക്കു കേൾക്കാതെ ജീവിച്ചവൻ, സത്യമറിഞ്ഞിട്ടും സത്യത്തിനു വിരുദ്ധമായി ജീവിക്കുന്നവർ, ദൈവത്തിന്റെ അടുത്ത ആൾ എന്നു നടിക്കുന്നവർ, വഴി തെറ്റാണ് എന്നറിഞ്ഞിട്ടും അതിൽത്തന്നെ സഞ്ചരിക്കുന്നവർ.

**3) ശൗൽ:** എന്നാൽ തിരുവെഴുത്ത് മറ്റൊരാളെ പരിചയപ്പെടുത്തുന്നു. ഇസ്രായേലിന്റെ ഒന്നാമത്തെ രാജാവായ കീശിന്റെ മകൻ ശൗൽ അമേലേക്കിനെ നിർമ്മൂലമാക്കണമെന്ന് ശൗലിന് ദൈവത്തിൽ നിന്നു കല്പന കിട്ടി. എന്നാൽ ശൗൽ ബലമില്ലാത്തതിനെ നിർമ്മൂലമാക്കി ബലമുള്ള കാളകളെ ദൈവത്തിനു യാഗം കഴിക്കാം എന്നു പറഞ്ഞു ശേഷിപ്പിച്ചു. അമാലേക്കിന്റെ രാജാവായ ആഗാഗിനെ കൊല്ലാതെ സംരക്ഷിച്ചു. ഇത് ദൈവത്തിനു അനിഷ്ടമായി. പ്രവാചകനായ ശമുവേൽ വന്നപ്പോൾ ശൗൽ പറഞ്ഞു. ഞാൻ ദൈവത്തോടു പാപംചെയ്തു. എന്നാൽ ഈ ജനം അതറിയരുത്. അറിഞ്ഞാൽ എനിക്കു മാനക്കേടാണ്. ഈ ജനത്തെയോർത്ത് നീയെന്നോടുകൂടെ പോരണം എന്നുപറഞ്ഞ് ശമുവേലിന്റെ വസ്ത്രത്തിൽ പിടിച്ചു. ഇവിടെ ശൗൽ പാപം ചെയ്തു എന്നു സമ്മതിക്കുന്നു. പക്ഷേ മറ്റാരും അറിയരുത്. പലയാളുകൾക്കും മോഷ്ടിക്കുന്നതിനോ, പിടിച്ചുപറിക്കുന്നതിനോ ഒരു പ്രയാസവുമില്ല. മറ്റാരുമറിയരുത് എന്നേയുള്ളൂ. ശൗൽ പാപം ചെയ്തു എന്ന് സമ്മതിക്കുന്നു. എന്നാൽ ജനമറിയരുത്. പ്രിയരേ, എന്നാൽ ദാവീദു രാജാവിനോട് നാഥാൻ പ്രവാചകൻ പറഞ്ഞു. ആ മനുഷ്യൻ നീ തന്നെ എന്നു പറഞ്ഞപ്പോൾ ദാവീദ് ദൈവസന്നിധിയിൽ നെടുമ്പാടുവീണു കരഞ്ഞു. മറ്റുള്ളവർ അറിയുന്നതിനേക്കാൾ ദൈവത്തോടു കരഞ്ഞു പ്രാർത്ഥിക്കുന്നു. ദാവീദിനെക്കുറിച്ച് പുതിയ നിയമം പറയുന്നു. ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള മനുഷ്യൻ

ഒരു അപ്പന് രണ്ടു മക്കളുണ്ടായിരുന്നു (ലൂക്ക്:15). ഇളയവൻ തനിക്കു വരേണ്ടുന്ന പങ്കു വാങ്ങി ദൂരദേശത്തേക്കു പോയി. പണം നാനാവിധമാക്കി നശിപ്പിച്ചു. അവന് മുട്ടുവന്നപ്പോൾ അപ്പന്റെ അടുക്കൽ പോയി പന്നി തിന്നുന്ന വാളവര തിന്നുവാൻ ആഗ്രഹിച്ചു. അപ്പന്റെ അടുക്കൽ എത്ര കൂലിക്കാർ തിന്നു ശേഷിപ്പിക്കുന്നു. അവൻ അപ്പന്റെ അടുക്കൽ പോകാം എന്നു തീരുമാനിക്കുന്നു. അപ്പാ, സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തു. നിന്റെ മകനെന്നു വിളിക്കുപ്പെടുവാൻ ഞാൻ യോഗ്യനല്ല. അപ്പനവനെ കെട്ടിപ്പിടിച്ചു ചുംബിച്ചു. പ്രിയ വായനക്കാരാ നീ എത്ര പാപിയായിരുന്നാലും നിന്റെ അപ്പൻ നിന്നെ സ്നേഹിക്കുന്നു. നിന്റെ മടങ്ങിവരവു നോക്കി നിന്നെ കാത്തിരിക്കുന്നു. നിന്റെ അപ്പന്റെ സ്നേഹം ഇത്രയെങ്കിൽ കർത്താവു നിന്നെ എത്രയധികം സ്നേഹിക്കുന്നു. യേശുവിന്റെ അടുക്കലേക്കു വരുക. ചെയ്യേണ്ടതു ചെയ്ത് അനുഗ്രഹം പ്രാപിക്കാം. കർത്താവ് അതിനു സഹായിക്കട്ടെ.

*നിങ്ങളുടെ ഇടമ്പാടത്തച്ചൻ*

# പ്രാർത്ഥന

**ജോർജ്ജ് നിക്സൺ താച്ചയിൽ**

പ്രാർത്ഥനയെന്നു പറയുന്നത് നമ്മൾ നമ്മളെത്തന്നെ മനസ്സോടെ ദൈവസന്നിധിയിൽ അർപ്പിച്ച് കർത്താവിന്റെ നാമത്തിൽ പ്രാർത്ഥിക്കുന്നതാണ്. അതിന്റെ ഫലം നിശ്ചയമായും നമുക്കു ലഭിക്കും. മറിച്ച് മറ്റു ചിന്തകളോടെ പ്രാർത്ഥിച്ചാൽ പ്രതിഫലം ഒരിക്കലും കിട്ടുകയില്ല. എന്നിട്ട് പ്രാർത്ഥനയെ കുറ്റം പറഞ്ഞിട്ട് യാതൊരു കാര്യവുമില്ല. കുറ്റം നമ്മുടെ തന്നെയാണ് എന്ന് നാം മനസ്സിലാക്കണം. അത് എവിടെ എങ്ങനെ സംഭവിച്ചു എന്ന് കണ്ടെത്തുകയും, തിരുത്തുകയും വേണം. അല്ലാതെ ഞാൻ നിങ്ങളുടെ കാര്യങ്ങൾ ശരിയാക്കിത്തരാം എന്നു പറയുന്നവരുടെ ഇടയിൽ പോയി എന്തെങ്കിലും പറഞ്ഞ് കൃത്രിമമായി സങ്കടം വരുത്തി കണ്ണീർ പൊഴിച്ച് പ്രാർത്ഥിച്ച് അതാണ് ശരി എന്നു പറഞ്ഞ് അവരുടെപുറകെ പോകാതെ നമ്മൾ നമ്മുടെ പ്രാർത്ഥനകൾ (നമസ്കാര പുസ്തകങ്ങൾ) സങ്കടത്തോടെ പ്രാർത്ഥിക്കുക. അവിടെ നമ്മുടെ സത്യസന്ധമായ കണ്ണുനീർ വീഴുമ്പോൾ നമുക്ക് ദൈവകൃപയും അനുഗ്രഹങ്ങളും ലഭിക്കും. അതുപോലെ തന്നെ നമ്മുടെ സഭയിൽ പ്രാർത്ഥനകൾ, സങ്കീർത്തനങ്ങൾ അടങ്ങുന്ന പ്രാർത്ഥനകൾ ക്രമമായിട്ട് യാമങ്ങൾ അനുസരിച്ചാണ് നമസ്കാരപുസ്തകങ്ങളിൽ എഴുതിയിരിക്കുന്നത് എന്ന് ഓർക്കുക. എല്ലാ പ്രാർത്ഥനകളുടെയും ഉൽഭവം വിശുദ്ധവേദപുസ്തകത്തെ കേന്ദ്രീകരിച്ചാണ്. അല്ലാതെ വായിൽ തോന്നിയത് വിളിച്ചു കൂവുന്നതല്ല പ്രാർത്ഥനയെന്ന് നമ്മൾ അറിയണം. (ലൂക്കോവ് 21-8) ആരും നിങ്ങളെ തെറ്റിക്കാതിരിക്കാൻ സൂക്ഷിച്ചുകൊൾവിൻ, ഞാൻ ആകുന്നു എന്നും, സമയം അടുത്തിരിക്കുന്നു എന്നും പറഞ്ഞ് അനേകർ എന്റെ പേരെടുത്തുവരും. അവരെ അനുഗമിക്കരുത്. (റോമർ 10:13) കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവരും രക്ഷിക്കപ്പെടും. ആയതിനാൽ സഭാവിശ്വാസികളേ, നമ്മൾ പ്രാർത്ഥിപ്പിൻ, രക്ഷപ്രാപിക്കുക. അനുഗ്രഹം പ്രാപിക്കുക.





## ധ്യാന നിമിഷങ്ങൾ

# മാതാവിനുള്ള മകളുടെ കത്ത്

**ഫാ. റ്റി.ജെ. ജോഷ്വ**

ഒരു കുടുംബത്തിൽ രണ്ട് ആൺ കുട്ടികൾക്കു ശേഷം ജനിച്ചവളാണ് മീഖൾ. കുസൃതിക്കുടുക്കയായ അവൾ ആരോഗ്യത്തോടെ വളർന്നു. 16 വയസു പിന്നിട്ടപ്പോൾ അവൾക്കു ക്ഷീണവും ശരീരത്തിനു വിളർച്ചയും അനുഭവപ്പെട്ടു. ഡോക്ടറെ സമീപിച്ച് പരിശോധനകൾ നടത്തി. രക്തപരിശോധനയുടെ ഫലം വൈകിയാണെത്തിയത്. ഡോക്ടർ പറഞ്ഞു. മീഖളിനു ലൂക്കീമിയ (രക്താർബ്ബുദം) ഉള്ളതായിട്ടാണു കാണുന്നത്. മാതാവു മീഖളിന്റെ കരത്തിൽ മുറുകെപ്പിടിച്ചുകൊണ്ടു പറഞ്ഞു. എന്ത് കാൻസറെന്നോ. അതുകേട്ടു മീഖൾ ചോദിച്ചു. അമ്മേ ഞാൻ മരിച്ചുപോകുമോ. മാതാവ് സ്തബ്ധയായി നിന്നതേയുള്ളൂ.

വിശദമായ പരിശോധനയിൽ മീഖളിന് ലിംഫോപ്ലാസ്റ്റിക് ലൂക്കീമിയ ശക്തമായി ബാധിച്ചിട്ടുണ്ട് എന്നു തെളിഞ്ഞു. മീഖൾ അമ്മയെ സാന്ത്വനപ്പെടുത്തിക്കൊണ്ടു പറഞ്ഞു. സാരമില്ല മമ്മീ നമുക്കിതിനോടു പോരാടണം. അവളുടെ ധൈര്യവും ആത്മവിശ്വാസവും അമ്മയെ ആശ്ചര്യപ്പെടുത്തി.

ചികിത്സ ആരംഭിച്ചു (കെമോ തെറാപ്പി). പിതാവിൽ നിന്നും വേർ പെട്ടതുകൊണ്ട് മാതാവു മാത്രമായിരുന്നു അവളുടെ ആശാകേന്ദ്രം. സാമ്പത്തിക ക്ലേശത്തിൽ കൂടിയെങ്കിലും ചികിത്സ പുരോഗമിച്ചു. റേഡിയേഷൻ കൂടി ആയപ്പോൾ ക്ഷീണം വർദ്ധിച്ചു. മുടിയെല്ലാം കൊഴിഞ്ഞ് മൊട്ടയായി. ഒരുദിവസം മീഖൾ അമ്മയോടു ചോദിച്ചു. എനിക്കെന്തുകൊണ്ടാണ് ഈ രോഗമുണ്ടായത്. ഞാൻ എന്തു തെറ്റാണ് ചെയ്തത്. ഞാനിനി അതു ചെയ്യാതിരിക്കാം.

ചികിത്സകൊണ്ടു കുറെ ഫലം കണ്ടു. രോഗശമനം വന്നതായി അനുഭവപ്പെട്ടു. അവൾ കോളേജിൽ ചേർന്നു പഠനം തുടർന്നു. അവളെ സ്നേഹിക്കാൻ ഒരു കൂട്ടുകാരനുമുണ്ടായി. ഒരു രാത്രിയിൽ അവൾക്കു കഠിനമായ അസ്വാസ്ഥ്യം അനുഭവപ്പെട്ടു. ശ്വാസതടസ്സം തന്നെയുണ്ടായി. ആശുപത്രിയിലെത്തിച്ചു. അനുയോജ്യമായ മജ്ജ മാറ്റിവയ്ക്കൽ (മാരോ ട്രാൻസ്പ്ലാന്റേഷൻ) മാത്രമാണ് ഇനി കരണീയമായിട്ടുള്ളതെന്ന് ഡോക്ടർ പറഞ്ഞു. മൂത്ത സഹോദരന്റെ മജ്ജ നൽകാൻ അവൻ സന്നദ്ധനായി. പക്ഷേ അതു നടന്നില്ല. അതിനുമുമ്പു മീഖൾ തികച്ചും അവശയായിത്തീർന്നു. അവൾ അമ്മയോടു പറഞ്ഞു ഈ പ്രാവശ്യം ഞാൻ സുഖം പ്രാപിക്കയില്ല. അവളെ ആശ്വസിപ്പിക്കാൻ അമ്മ പലതും പറഞ്ഞു. ധൈര്യം പകരുന്ന നല്ല പ്രത്യാശാഗാനങ്ങൾ ആലപിച്ചു. കരങ്ങൾ പിടിച്ചുകൊണ്ട് പ്രാർത്ഥനകൾ നടത്തി. അതിനിടയിൽ മീഖൾ അന്ത്യശ്വാസം വലിച്ചു.

തുടർന്നുള്ള ദിവസങ്ങൾ ആ അമ്മ മുറിവാർന്ന ഹൃദയത്തോടും തളർന്ന ശരീരത്തോടും ചെലവിട്ടു. ഒരുദിവസം മീഖളിന്റെ മുറിയിൽ ചിതറിക്കിടക്കുന്ന അവരുടെ സാധനങ്ങളെല്ലാം അടുക്കി വയ്ക്കുന്നതിനിടയിൽ ഒരു കടലാസ് താഴെവീണു. അതെടുത്തു നോക്കിയപ്പോൾ അമ്മയെ സംബോധനചെയ്തുകൊണ്ട് മകൾ എഴുതിയ കത്താണ്. സമ്മിശ്ര വികാരങ്ങളോടെ അതു വായിച്ചു.

ഏറ്റവും പ്രിയപ്പെട്ട മമ്മീ,

എന്നോടുകൂടിയും, എനിക്കുവേണ്ടിയും മമ്മി കരഞ്ഞിട്ടുണ്ടല്ലോ. മമ്മിയെ വിട്ടുപോകാൻ എനിക്കു ഭയമായിരുന്നു. ഞാൻ ഉറങ്ങുകയാണെന്ന് മമ്മി വിചാരിച്ചപ്പോഴെല്ലാം ഞാൻ ഉറങ്ങുകയല്ലായിരുന്നു. മമ്മിയുടെ പ്രാർത്ഥന ഞാൻ എപ്പോഴും ശ്രദ്ധിച്ചുകൊണ്ടിരുന്നു. എത്ര നല്ല ഒരു മമ്മിയാണ്. ഞാൻ എപ്പോഴും മമ്മിയുടെ കൂടെ മമ്മിയുടെ ഉള്ളിൽ ആയിരിക്കും. ഞാൻ വീണ്ടും മമ്മിയെ കാണും. അതുവരെ നമ്മൾ പരസ്പര സാമീപ്യത്തിൽ തന്നെ ആയിരിക്കും. രോഗിയായ ഞാൻ എങ്ങനെ ജീവിക്കണമെന്ന് മമ്മി എന്നെ പഠിപ്പിച്ചു. അതുകൊണ്ട് മമ്മി കരയരുത്. സന്തോഷവതിയായിരിക്കണം.

അമ്മ കത്തുവായിച്ചശേഷം പറഞ്ഞു. ഞാൻ അങ്ങനെ വാഗ്ദാനം ചെയ്യുന്നു. ഈ കത്തു വെളിപ്പെടുത്തുന്ന പല കാര്യങ്ങളും നമ്മെ ചിന്തിപ്പിക്കേണ്ടതാണ്. ഒന്ന്. മാതാക്കൾക്ക് മക്കളുടെ മേൽ പ്രത്യേകിച്ചും പെൺമക്കളുടെ മേൽ വലിയ സ്വാധീനമുണ്ട്. പ്രാർത്ഥനയുടെ മാതൃകയും ആത്മവിശ്വാസത്തിന്റെ പ്രചോദനവും അമ്മമാരിൽനിന്നു ലഭിക്കുന്നു. അവ നൽകാൻ കഴിയാത്ത മാതാക്കൾ ഒരു പരാജയം തന്നെ. രണ്ട്, കാൻസർ പോലുള്ള മാരകമായ രോഗം ഇന്ന് സർവ്വസാധാരണമായിട്ടുണ്ട്. അതിനെ ധീരതയോടെ നേരിടാൻ കഴിയണം. അതിന് ഈശ്വരവിശ്വാസവും പ്രാർത്ഥനയിലുള്ള ആശ്രയവും ഏറെ സഹായിക്കും. രോഗം നമ്മെ കീഴടക്കുവാൻ അനുവദിക്കാതെ നാം രോഗത്തെ കീഴടക്കുകയാണ് വേണ്ടത്. മൂന്ന്, മരണം ഒരു യാഥാർത്ഥ്യമാണ്. അത് അംഗീകരിച്ചേ മതിയാകൂ. മരണത്തിനപ്പുറത്തുള്ള അനുഭവത്തെപ്പറ്റി ശരിയായ കാഴ്ചപ്പാട് വളർത്തിയെടുക്കേണ്ടതുണ്ട്. നാല്, ആരോഗ്യത്തോടെ എങ്ങനെ ജീവിക്കണമെന്നതുപോലെ രോഗാവസ്ഥയിലും എങ്ങനെ ജീവിക്കണമെന്ന് മീഖൾ പഠിച്ചിരുന്നു. ജീവിതത്തിൽ നിന്ന് ഒളിച്ചോടുകയല്ല, മറിച്ച് ധീരതയോടെ സാഹചര്യത്തെ അഭിമുഖീകരിക്കുകയാണ് വേണ്ടത്.



എല്ലാമാസവും നമ്മുടെ പള്ളിയിൽ നിന്ന് ജനറൽ ആശുപത്രി കാൻസർ വാർഡിലേക്കു നൽകുന്ന മരുന്നുകളുടെ ഫെബ്രുവരി മാസത്തെ വിതരണം, ഡോ. ഏബ്രഹാം കെ. പോൾ (പ്രസിഡന്റ്, IMA) നിർവ്വഹിച്ചപ്പോൾ. വികാരി ഫാ. എടമ്പാടം, അസിസ്റ്റന്റ് വികാരി ഷിബു കെ. ജോസ്, RMO ഡോ. അരുണ എന്നിവർ സമീപം.





# ഇടവകദിനവും ആദ്ധ്യാത്മിക സംഘടനാ വാർഷികവും








